<u>"ഭരണഭാഷ-മാതൃഭാഷ"</u>

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 12-01-2021

## <u>സർക്കുലർ നം 4/2021</u>

ജയിൽ സ്ഥാപനങ്ങളിലേക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും, ബാർബർ ജോലികൾ നിർവഹിക്കുന്നതിനും ക്വട്ടേഷനുകൾ സമർപ്പിക്കുമ്പോൾ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷണറുമായി നെഗോസിയേഷൻ നടത്തി സർക്കാരിന് ലാഭകരമായ രീതിയിൽ നിരക്ക് പരമാവധി കുറച്ച് ക്വട്ടേഷണറിൽ നിന്നും/ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും സമ്മതപത്രം ഉൾപ്പെടെ അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്നറിയിക്കുന്നു.

2021-22 വർഷത്തേക്കാവശ്യമായ ഇൻഡന്റുകൾ സമർപ്പിക്കുമ്പോൾ ഓരോ ഇനം സാധനങ്ങൾക്കും പ്രത്യേകം ഇൻഡന്റ് സമർപ്പിക്കേണ്ടതാണ്.(ഫിനോയിൽ,ഇലക്ട്രിക്കൽ സാധനങ്ങൾ, ക്ലോത്തിംഗ് & ബെഡ്ഡിംഗ് ,പാത്രങ്ങൾ, കാരം മുതലായവ). ഇലക്ട്രിക്കൽ സാധനങ്ങൾ അനുവദിക്കുന്നതിനായി ഇൻഡന്റ് സമർപ്പിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിൽ നിന്നും ടി സാധനങ്ങളുടെ ലഭ്യത സംബന്ധിച്ച സർട്ടിഫിക്കറ്റ് കൂടി ലഭ്യമാക്കി സമർപ്പിക്കേണ്ടതാണ്. സോപ്പ് അനുവദിക്കുന്നതിനായി പ്രത്യകം ഇൻഡന്റ് സമർപ്പിക്കേണ്ടതില്ല. എല്ലാ ജയിലുകൾക്കും സോപ്പ് അനുവദിച്ചുകൊണ്ട് പൊതുവായ ഒരു ഉത്തരവ് നൽകുന്നതാണ്. ഇൻഡന്റുകളിൽ നിലവിലെ സ്റ്റോക്ക് വിവരം, ടി ജയിലിലെ തടവുകാരുടെ എണ്ണം എന്നിവ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. പാത്രങ്ങളുടേയും ഉപകരണങ്ങളുടേയും മറ്റും കാര്യത്തിൽ സ്റ്റോക്കിലുള്ളത് എന്ന് ഉദ്ദേശിക്കുന്നത് വിതരണം ചെയ്തത് ഉൾപ്പെടെയാണ് എന്നറിയിക്കുന്നു. ചട്ടപ്രകാരം എഴുതി തള്ളിയതോ, മൂല്യാപകർഷം കഴിഞ്ഞതോ, പൊതുലേലത്തിൽ വില്പന നടത്തിയതോ ഒഴിച്ച് വിതരണം ചെയ്തതും, ഉപയോഗിച്ച് വരുന്നതും, സ്റ്റോക്കിലെ എണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. അല്ലാതെ സ്ഥാപനത്തിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നത് മാത്രമല്ല എന്നറിയിക്കുന്നു. സ്റ്റോക്ക് പരിശോധിച്ച് എത്രയെണ്ണം എന്നുള്ള കണക്ക് വിശദമായി അയക്കേണ്ടതാണ് എന്നറിയിക്കുന്നു. ഉപയോഗ ശൂന്യമായത് മാർക്കറ്റ് വില ലഭ്യമാക്കി പൊതുലേലത്തിൽ വിൽപ്പന നടത്തി സർക്കാരിൽ മുതൽ കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കാനും നിർദ്ദേശിക്കുന്നു. സ്റ്റോക്കിൽ ഉപയോഗ യോഗ്യമായവയും, ഉപയോഗ ശൂന്യമായവയും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എൻട്രി വരുത്തി സൂക്ഷിക്കേണ്ടതാണെന്ന് അറിയിക്കുന്നു. ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ച വളരെ ഗൗരവമായി കാണുന്നതായിരിക്കും എന്നുമറിയിക്കുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും.

പകർപ്പ് : സ്റ്റോക്ക് വേരിഫെയർ
ചീഫ് ഓഡിറ്റ് ഓഫീസർ

G1-6254/2020/PrHQ

165a05